# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **1301.**

30..9..2011-ൽ മറുപടിക്ക്

## ''മിൽമ''പാൽവില

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തോമസ് ചാണ്ടി**<br>**ശ്രീ. എ.കെ. ശശീന്ദ്രൻ.** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ''മിൽമ''പാൽവില ലിറ്ററിന് എത്ര രൂപയാണ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) മിൽമ പാൽവില ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചു. |
| (ബി) ഇങ്ങനെ വർദ്ധിപ്പിച്ച തുകയിൽ നിന്ന് എത്ര രൂപ ക്ഷീര കർഷകർക്ക് നൽകുമെന്നാണ് പ്രഖ്യാപിച്ചത്; | (ബി) വർദ്ധിപ്പിച്ച തുകയിൽ ലിറ്ററിന് 4 രൂപ 20 പൈസ കർഷകർക്ക് നൽകി വരുന്നു. |
| (സി) നേരത്തെ ക്ഷീരകർഷകർക്ക് നൽകിയിരുന്ന ഇൻസെന്റീവ് പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ക്ഷീരകർഷകരെ ബാധിക്കുന്ന പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) പാൽവില വർദ്ധിപ്പിച്ചപ്പോൾ മേഖലാ യൂണിയനുകൾ പ്രത്യേകമായി നൽകി വന്നിരുന്ന കാലിത്തീറ്റ സബ്സിഡി നിർത്തലാക്കി. എന്നാൽ പാൽ ഉൽപ്പാദനത്തിന് വേണ്ടി മേഖലാ യൂണിയനുകൾ നൽകിക്കൊണ്ടിരിക്കുന്ന മറ്റ് എല്ലാ പദ്ധതികളും ഇപ്പോഴും തുടരുന്നുണ്ട്. ഇതിനു പുറമെ സർക്കാർ നൽകി വരുന്ന കാലിത്തീറ്റ സബ്സിഡി ഇരട്ടിയാക്കി വർദ്ധിപ്പിച്ചിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ.**